**തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

**27 (5698)** ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ലോവർ ഡിവിഷൻ ക്ളാർക്ക് തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**കൃഷി അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പി.എസ്.സി. പരീക്ഷ**

**28 (5699)** ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിന് പി.എസ്.സി. അവസാനമായി വിജ്ഞാപനം നടത്തിയത് എന്നാണ് ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയ്ക്ക് കാറ്റഗറി നമ്പർ 57/09 ആയി നേരിട്ടുള്ള നിയമനത്തിന് 31-3-2009-ലും കാറ്റഗറി നമ്പർ 106/09 ആയി തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് 30-4-2009-ലുമാണ് അവസാനമായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചത്.

(ബി) ഇല്ല. പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സംസ്ഥാനത്ത് പെൻഷൻ ഏകീകരണത്തോടനുബന്ധിച്ചുള്ള നിയമനങ്ങൾ**

**29 (5700)** ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ഏകീകരണത്തോടനുബന്ധിച്ച് ഇപ്പോൾ നിയമനങ്ങൾ എങ്ങനെയാണ് നടത്തുന്നത് ; സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയമന രീതി ഇപ്പോൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly